# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1643.**

**08-06-2018 ൽ മറുപടിയ്ക്ക്**

## നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകർക്ക് സഹായം

**ചോദ്യം**

ശ്രീ.യു. ആർ. പ്രദീപ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തരിശായി കിടന്നിരുന്ന എത്ര ഏക്കർ സ്ഥലത്ത് പുതിയതായി നെൽകൃഷി ഇറക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൃഷിവകുപ്പിന്റെ പദ്ധതികൾ പ്രകാരം 2016-17, 2017-18 വർഷങ്ങളിലായി തരിശായി കിടന്നിരുന്ന 20670.17925 ഏക്കർ സ്ഥലത്ത് പുതിയതായി നെൽകൃഷി ഇറക്കാൻ കഴിഞ്ഞിട്ടുണ്ട്. തരിശ് നെൽകൃഷി ചെയ്തതിന്റെ വിസ്തൃതി ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| ജില്ല | (വിസ്തീർണ്ണം ഏക്കറിൽ) | |
|---|---|---|
| | 2016-17 | 2017-18 |
| തിരുവനന്തപുരം | 66.3 | 166.2 |
| കൊല്ലം | 420.2825 | 785.27 |
| പത്തനംതിട്ട | 581.6 | 1100 |
| ആലപ്പുഴ | 628.88 | 1694 |
| കോട്ടയം | 467.79675 | 1990 |
| ഇടുക്കി | 56.3 | 100 |
| എറണാകുളം | 507.5 | 1180.675 |
| തൃശ്ശൂർ | 1203.94 | 2168.25 |
| പാലക്കാട് | 0 | 417.8625 |
| മലപ്പുറം | 773.325 | 1306.65 |
| കോഴിക്കോട് | 945.61 | 1075 |
| വയനാട് | 238.875 | 446.25 |
| കണ്ണൂർ | 962.805 | 842.3825 |
| കാസർഗോഡ് | 102.75 | 441.675 |

| | | | |
|---|---|---|---|
| | | | ഇതിനുപുറമേ ഒരുപ്പ് നിലങ്ങളിൽ 2 തവണ കൃഷി ചെയ്യുതിലൂടെയും കരനെൽകൃഷിയിലൂടെയും ബ്ലോക്ക് തലത്തിലുള്ള പദ്ധതികളുടെ സംയോജനത്തിലൂടെയും ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം 23618 ഹെക്ടർ അധികമായി നെൽകൃഷി ചെയ്തിട്ടുണ്ട്.<br>നടപ്പ് സാമ്പത്തിക വർഷം 7195 ഏക്കർ തരിശുനിലങ്ങളിൽ പുതുതായി നെൽകൃഷിയിറക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ബി) | 2017-18 വർഷം മൊത്തം എത്ര ഏക്കർ സ്ഥലത്ത്നെൽകൃഷി ചെയ്തിട്ടുണ്ടെന്ന് വ്യകതമാക്കുമോ; | (ബി) | കൃഷിവകുപ്പിന്റെ വിലയിരുത്തൽ പ്രകാരം 2017-18 വർഷം 220449 ഹെക്ടറിൽ (551123 ഏക്കർ) നെൽകൃഷി ചെയ്തിട്ടുണ്ട്. |
| (സി) | ഇതിലൂടെ എത്ര ടൺ നെല്ല് ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (സി) | കൃഷിവകുപ്പിന്റെ കണക്കുകൾ പ്രകാരം 2017-18 സാമ്പത്തികവർഷം 220449 ഹെക്ടർ നെൽകൃഷിയിലൂടെ 617260 ടൺ അരി ഉല്പാദിപ്പിക്കുവാൻ സാധിച്ചു. ഹെക്ടറൊന്നിനു 2800 കിലോ ആയിരുന്നു ഉല്പാദനക്ഷമത. കൃഷി വകുപ്പ് നടപ്പിലാക്കിയ സംസ്ഥാന/ കേന്ദ്രാവിഷ്കൃത പദ്ധതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിയ പദ്ധതികൾ എന്നിവ വഴിയാണ നെല്ലിന്റെ വിസ്തൃതിയും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ സാധിച്ചത്. |
| (ഡി) | നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന വിശദാംശം വ്യക്തമാക്കുമോ? | (ഡി) | നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും, കേന്ദ്ര സർക്കാരും വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 1. സംസ്ഥാനാവിഷ്കൃത പദ്ധതികൾ

### A) നെൽകൃഷി വികസനം (പ്ലാൻ)

### i. സുസ്ഥിര നെൽകൃഷി

2018-19 സാമ്പത്തിക വർഷം സുസ്ഥിര നെൽകൃഷി വികസനത്തിനായി ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 5500/- രൂപ സബ്സിഡി നിരക്കിൽ 6000 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

മുൻ വർഷങ്ങളിൽ ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500/- രൂപയായിരുന്നു സബ്സിഡി നൽകിയിരുന്നത്.

### ii. വികസന ഏജൻസികൾക്കുള്ള ഫണ്ട്-

നെൽകൃഷി അഭിമുഖീകരിക്കുന്ന പശ്ചാത്തലസൗകര്യ വികസനം ഉൾപ്പെടെയുള്ള പ്രാദേശിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 10 നെൽകൃഷി വികസന ഏജൻസികൾക്കായി പ്രോജക്ട് അധിഷ്ഠിത ധനസഹായം നൽകുന്നു. ഇതിനായി നടപ്പ് സാമ്പത്തിക വർഷം 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### iii. `പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം -

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ, മലപ്പുറം) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

### iv പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി-

പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ (പാടശേഖരത്തിനു പരമാവധി 50000 രൂപ) 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്.

### v. കരനെൽകൃഷി വികസനം-

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2683.82 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) ആകെ 375 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### vi. തരിശുനില കൃഷി

നെൽകൃഷിയിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ട് വരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിനു ഒന്നാം വർഷത്തെ കൃഷിക്ക് 30000 രൂപയും രണ്ടാം വർഷം 7000 രൂപയും മൂന്നാം വർഷം 4500/- രൂപയും നൽകുന്നു. ഈയിനത്തിൽ 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**vii. ഒരുപ്പൂ കൃഷി ഇരുപ്പൂകൃഷിയാക്കുന്നതിന്**

ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിനു 10000 രൂപ നിരക്കിൽ 1600 ഹെക്ടറിന് ധനസഹായം നൽകുന്നുണ്ട്.

**viii. നഗര പ്രദേശങ്ങളിൽ നെൽകൃഷി പ്രാവർത്തികമാക്കുന്നതിന് പദ്ധതിയധിഷ്ഠിത ധനസഹായം**

നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നെൽ കൃഷി ചെയ്യുന്നതിന് കർഷക ഗ്രൂപ്പുകൾ റസിഡന്റ്സ് അസ്സോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് നഗരപ്രദേശങ്ങളിൽ നെൽകൃഷി നിലനിറുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപ്പിലാക്കുന്ന ഈ പദ്ധതി വഴി ഭൂമി തയ്യാറാക്കൽ മുതൽ വിളവെടുപ്പ് വരെയുള്ള പ്രവർത്തനങ്ങൾ, യന്ത്രവൽക്കരണം, സംസ്കരണം എന്നിവയ്ക്കുമായി പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നു. ആയതിലേക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ix. റൈസ് ഇന്നൊവേഷൻ ഫണ്ട്**

2016 ആഗസ്റ്റ് 17 (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് 17 (ചിങ്ങം 1) വരെ നെൽ വർഷമായി ആചരിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റു ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദങ്ങളും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയാറാക്കി നടപ്പാക്കുക ആണ് പ്രധാന ലക്ഷ്യം. ആയതിലേക്ക് 2018-19 സാമ്പത്തിക വർഷം 100 ലക്ഷം രൂപ ഉൾകൊള്ളിച്ചിരിക്കുന്നു.

**x. പ്രത്യേക കാർഷിക മേഖല**

നെൽകൃഷിക്ക് അനുകൂല സാഹചര്യമുള്ളതും ഉല്പാദനവർദ്ധനവിനു സാധ്യതയുള്ളതുമായ പ്രദേശങ്ങളായ കുട്ടനാട്, കോൾ, പൊക്കാളി, പാലക്കാട്, വയനാട്, കായ്പ്പാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക കാർഷിക മേഖല (Special Agricultural Zone) ആയി പ്രഖ്യാപിച്ച് അതിൽപ്പെടുത്തി നെൽകർഷകർക്ക് ഉപയുക്തമാം വിധം പദ്ധതിയധിഷ്ഠിതമായി ആനുകൂല്യങ്ങൾ നൽകുന്നതാണ്.

ഇത് കൂടാതെ നെൽകൃഷി വികസനത്തിനായി താഴെ പറയുന്ന പദ്ധതിയേതര (NP) പദ്ധതികളും നടപ്പിലാക്കിവരുന്നു.

**B) നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)-**

ഈ പദ്ധതിപ്രകാരം നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ നൽകി വരുന്നു.

**C) കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)-**

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചിട്ടുണ്ട്.

**2. കേന്ദ്രാവിഷ്കൃത പദ്ധതികൾ**

കേന്ദ്ര സർക്കാർ നെൽകൃഷിയുടെ വികസനത്തിനായി ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, RAD-NMSA, പ്രധാന മന്ത്രി കൃഷി സിഞ്ചായ് യോജന, ആർ കെ വി വൈ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**a. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി**

ഈ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കിവരുന്നു. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവുമുള്ള ഈ പദ്ധതിക്ക് 2018-19 സാമ്പത്തികവർഷം 172.20 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. നെൽകൃഷിയിൽ പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, ഗുണമേന്മയുള്ള വിത്ത് വിതരണം, ശാസ്ത്രീയ മണ്ണ് സംരക്ഷണം, മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം, സംയോജിത സസ്യ സംരക്ഷണമാർഗ്ഗങ്ങൾ അവലംബിക്കൽ, കാർഷികയന്ത്രോപകരണങ്ങളുടെ വിതരണം, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക മുൻകൈ സംരംഭ പ്രവർത്തനങ്ങൾ (local initiative) എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നത്.

**b. വൃഷ്ടി പ്രദേശ വികസനത്തിനും സുസ്ഥിര കൃഷിക്കുമുള്ള ദേശീയ മിഷൻ (RAD-NMSA)**

തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നെല്ല് അടിസ്ഥാനമാക്കിയുള്ള കൃഷി സമ്പ്രദായത്തിനു ഈ പദ്ധതിപ്രകാരം ഹെക്ടറൊന്നിനു 50% സബ്സിഡി (പരമാവധി 10000/- രൂപ) നൽകുന്നു. ജലസേചന ഉപകരണങ്ങൾ വാങ്ങുന്നതിനും, മണ്ണിലെ അമ്ലത പരിഹരിക്കുന്നതിനും 50% സബ്സിഡി നിരക്കിൽ ധനസഹായം നൽകുന്നു.

**c. പ്രധാന മന്ത്രി കൃഷി സിഞ്ചായ് യോജന**

ഈ കേന്ദ്രാവിഷ്കൃതപദ്ധതിപ്രകാരം നെൽകൃഷിക്ക് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. ജലസ്രോതസ്സുകളുടെ സംരക്ഷണവും ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിനും ഊന്നൽ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

**d. ആർ കെ വി വൈ**

നെല്ലിന്റെ ഉല്പാദനക്ഷമതാ വർദ്ധിപ്പിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം ഈ പദ്ധതിപ്രകാരം 4500 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. 2016-17, 2017-18 വർഷങ്ങളിൽ

ഈയിനത്തിൽ കേന്ദ്രസർക്കാരിന്റെ ധനസഹായം ലഭിച്ചിരുന്നില്ല. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി നടപ്പാക്കുന്ന പാലക്കാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കുന്നു. അത്യുല്പാദനശേഷിയുള്ള നെൽവിത്തിനും, കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മ മൂലകവളങ്ങളുടെയും പ്രയോഗത്തിനും, സംയോജിത കീടരോഗ നിയന്ത്രണത്തിനും, കാർഷിക യന്ത്രവൽകരണത്തിനും ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഹെക്ടറൊന്നിനു 4500/- രൂപ ധനസഹായം നൽകുന്നതാണ്.

**സെക്ഷൻ ഓഫീസർ**